പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. T. 3324 — 14.10.2011-ൽ മറുപടിക്ക്

## കൊച്ചി മെട്രോ റെയിൽ പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എസ്. ശർമ്മ<br>ശ്രീ. സാജു പോൾ<br>പ്രൊഫ.സി. രവീന്ദ്രനാഥ്<br>ശ്രീ.ബി.ഡി. ദേവസ്സി | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) | |
| (എ) | കൊച്ചി മെട്രോ റെയിൽ പദ്ധതിക്ക് കേന്ദ്ര സർക്കാരിൽ നിന്നും അന്തിമ തീരുമാനം ലഭിച്ചിട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി) | പദ്ധതിക്ക് എന്തെല്ലാം അനുമതികളാണ് കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കേണ്ടതായിട്ടുള്ളതെന്നും, ഇതിനകം ലഭിച്ചിട്ടുള്ളത് എന്താണെന്നും വിശദമാക്കാമോ; | (ബി) | കൊച്ചി മെട്രോ റെയിൽ പദ്ധതിക്ക് കേന്ദ്ര കാബിനറ്റിന്റെ അംഗീകാരമാണാവശ്യം. ടി അംഗീകാരം ഇതുവരെ ലഭിച്ചിട്ടില്ല. |
| (സി) | ഈ വർഷത്തേക്ക് കേന്ദ്ര ആസൂത്രണ കമ്മീഷൻ അംഗീകരിച്ച വാർഷിക പദ്ധതിയിൽ കൊച്ചി മെട്രോ റെയിൽവേ പദ്ധതിക്ക് തുക വകയിരുത്തിയിട്ടുണ്ടോ; | (സി) | ഇത് സംബന്ധിച്ച അറിയിപ്പുകൾ ഒന്നും ലഭിച്ചിട്ടില്ല. പദ്ധതിയുമായി ബന്ധപ്പെട്ട വകുപ്പ് കേന്ദ്രനഗര വികസന വകുപ്പാണ്. |
| (ഡി) | പദ്ധതിയുടെ കാര്യത്തിൽ കേന്ദ്ര ധനകാര്യവകുപ്പ് സംസ്ഥാന സർക്കാരിനെ എന്താണ് അറിയിച്ചിട്ടുള്ളത്; | (ഡി) | കേന്ദ്ര ധനകാര്യവകുപ്പ് പദ്ധതിയുടെ കാര്യമൊന്നും അറിയിച്ചിട്ടില്ല. |
| (ഇ) | പദ്ധതിയുമായി ബന്ധപ്പെട്ട ഏറ്റവും ഒടുവിലത്തെ സ്ഥിതി സംസ്ഥാന സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | (ഇ) | ഉണ്ട്. കേന്ദ്ര സർക്കാരിന്റെ പദ്ധതിക്കുള്ള അംഗീകാരത്തിനായുള്ള കേന്ദ്ര കാബിനറ്റ് നോട്ട് കേന്ദ്ര കാബിനറ്റ് മുമ്പാകെ ഉടൻ സമർപ്പിക്കുമെന്ന ഉറപ്പ് ബഹുമാനപ്പെട്ട കേന്ദ്ര നഗര വികസന മന്ത്രി സംസ്ഥാന സർക്കാരിന് നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ